03.02.2024

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/02/2024

1. ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (MANAGE) സംഘടിപ്പിച്ച അഗ്രി ഫിലിം ഫെസ്റ്റിവൽ 2023 ൽ സർക്കാർ തലത്തിലെ മികച്ച ചിത്രത്തിനുള്ള പുരസ്കാരം സംസ്ഥാന കൃഷിവകുപ്പിന്റെ ഫാം ഇൻഫർമേഷൻ ബ്യൂറോ കരസ്ഥമാക്കി. 2023 ൽ എഫ്.ഐ.ബി. തയ്യാറാക്കിയ 'GEETHA - Weaving Gold in Soil and Dreams in Sky" എന്ന ചിത്രത്തിനാണ് പുരസ്കാരം. ഫെബ്രുവരി 22ന് ഹൈദരാബാദത്തിൽ വച്ചാണ് അവാർഡ് ചടങ്ങ്.

2. കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) ന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഗ്രൂപ്പുകളുടെ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്ന തീയതി ചില സാങ്കേതിക കാരണങ്ങളാൽ മാറ്റിവച്ചു.

3. ന്യൂഡൽഹിയിൽ വച്ച് സംഘടിപ്പിക്കുന്ന ഇന്ത്യ ഇൻറർനാഷണൽ ഹോർട്ടി എക്സ്പ്ലോയിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരളയുടെ എക്സിബിഷൻ സ്റ്റാളിൽ ഹോർട്ടികൾച്ചർ മേഖലയുമായി ബന്ധപ്പെട്ട വിഭവങ്ങൾ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനും വിൽപ്പനയ്ക്കും താത്പര്യമുള്ള /കർഷക സംഘടനകൾ /കൂട്ടായ്മകൾ എന്നിവരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു. അപേക്ഷയിൽ പ്രദർശിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഹോർട്ടികൾച്ചർ ഉത്പന്നത്തിന്റെ വിശദാംശവും, പങ്കെടുക്കുന്നവരുടെ എണ്ണവും വ്യക്തമായി കാണിക്കേണ്ടതുണ്ട്. mdshmkerala@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഇന്നു (03.02.2024) വരെയാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന കാർഷിക യന്ത്രവൽക്കരണ പരിശീലന പരിപാടിയുടെ ഭാഗമായി മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന റസിഡൻഷ്യൽ പരിശീലനം തിരുവനന്തപുരം വെള്ളായണിയിലുള്ള റിസർച്ച് ടെസ്റ്റിംഗ് ആന്റ് ട്രെയ്നിംഗ് സെന്റർ (ആർ.ടി.ടി.സി) വഴി 2024 ഫെബ്രുവരി 19 മുതൽ ആരംഭിക്കുന്നു. പ്രസ്തുത പരിശീലന പരിപാടിൽ സ്തീ പുരുഷ ഭേദമന്യേ പങ്കെടുക്കാൻ താത്പര്യമുള്ളവരുടെ പൂർണ്ണമായ മേൽവിലാസം, Contact Number സഹിതം rttctvpm@gmail.com എന്ന e-mail-ൽ വിലാസത്തിൽ അയച്ചു നൽകുകയോ, ഈ കാര്യായുവുമായി നേരിട്ട് ബന്ധപ്പെടുകയോ, 0471-2481763 എന്ന ഓഫീസ് നമ്പരിൽ രാവിലെ 10 മണി മുതൽ 5 മണി വെരെയുള്ള സമയങ്ങളിൽ വിളിക്കുകയോ ചെയ്യേണ്ടതാണ്.

5. കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷനും കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തും, കൃഷി വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന കാർഷിക യന്ത്രങ്ങളുടെ അറ്റ കുറ്റപ്പണി ക്യാമ്പ് ഫെബ്രുവരി 13 വരെ ചാത്തമംഗലം കൃഷി ഭവനിൽ നടക്കുന്നു. ഇരുപത് ദിവസം നീണ്ടുനിൽക്കുന്ന ക്യാമ്പിൽ കർഷകരുടെ കേടുപാടായ എല്ലാ കാർഷിക യന്ത്രങ്ങളും സൗജന്യമായി അറ്റകുറ്റപ്പണി ചെയ്യും. എന്നാൽ ഏതെങ്കിലും സ്പെയർ പാർട്സുകൾ ആവശ്യമായി വന്നാൽ ആ തുക കർഷകരിൽ നിന്ന് ഈടാക്കും. മൊബൈൽ അഗ്രോ മെഷിനറി റിപ്പയർ യൂണിറ്റിന്റെ സേവനവും ലഭ്യമാണ്. വിശദ വിവരങ്ങൾക്കായി അതാത് കൃഷി ഭവനുകളുമായോ, 9497009673 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

6. ക്ഷീരവികസന വകുപ്പിന്റെ 2023-24 വർഷരെ വാർഷിക പദ്ധതി പ്രകാരമുള്ള ''തീറ്റപ്പുൽകൃഷി വികസന പദ്ധതി'' യുടെ വിവിധ ഘടകങ്ങളിൽ, ഗുണഭോക്താക്കളാകാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താല്പര്യമുള്ളവർക്ക് അപേക്ഷ സമർപ്പിക്കാം. 50 സെന്റിന് മുകളിലുള്ള തീറ്റപ്പുൽകൃഷി ധനസഹായ പദ്ധതി, തരിശുനില തീറ്റപ്പുൽകൃഷി പദ്ധതി, സ്വയം സഹായ സംഘങ്ങൾ വഴിയുള്ള ഫോഡർ മാർക്കറ്റിംഗ് എന്നിവയ്ക്കാണ് ധനസഹായം. കൂടുതൽ വിശദാംശങ്ങൾക്കായി ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളുമായി ബന്ധപ്പെടേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0484 2422310 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. വെള്ളാനിക്കര ഫലവർഗ വിള ഗവേഷണ കേന്ദ്രത്തിൽ വിവിധയിനം മാവ്, പ്ലാവ്, പാഷൻ ഫ്രൂട്ട്, കവുങ്ങ്, വടുകപ്പുളി, നാരകം, പേര ആത്തച്ചക്ക, കറിവേപ്പ്, ചാമ്പ, സീതപ്പഴംതൈ എന്നീ മുന്തിയ ഇനം നടീൽ വസ്തുക്കളും മണ്ണിര കമ്പോസ്റ്റ് ജൈവ വളങ്ങളും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0487- 2373242, 8547760030 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

8. വേനൽക്കാലത്ത് അടുക്കള തോട്ടങ്ങളിലും പ്രധാന കൃഷിയിടങ്ങളിലും കൃഷി ചെയ്യാവുന്ന അരുൺ എന്ന ഇനം ചുവന്ന ചീരയുടെ വിത്തുകൾ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന നമ്പരിൽ രാവിലെ 9 മണി മുതൽ 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

9. ഇടുക്കി, വയനാട് ജില്ലകളിലെ ഏലം കർഷകർക്ക് കാർഡമം രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലയളവ് 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ചു. കാർഡമം രജിസ്ട്രേഷൻ ആവശ്യമുള്ളവർ നിശ്ചിതഫാമിൽ അപേക്ഷയും, ആധാർ, കരം അടച്ച

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

രസീത്, ആധാരം എന്നിവയുടെ കോപ്പിയുമായി വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

10. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ ഹാച്ചറി കോംപ്ലെക്സിൽ എല്ലാ ദിവസവും രാവിലെ 10:30 മണി മുതൽ 12 മണി വരെ മുട്ട ഒന്നിന് 7 രൂപ നിരക്കിൽ വില്പ്പന ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0475 229299.

**പരിശീലന പരിപാടി**

11. ആലത്തൂർ വാനൂരിലുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ ഫെബ്രുവരി 5 മുതൽ 9 വരെ പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ ക്ഷീരകർഷകർക്കായി ശാസ്ത്രീയ പശുപരിപാലനം എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. 20 രൂപയാണ് പ്രവേശന ഫീസ്. കർഷകർക്ക് ആധാർ/തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നീ രേഖകൾ സഹിതം പരിശീലനത്തിൽ പങ്കെടുക്കാം. താത്പര്യമുള്ളവർക്ക് ഇന്ന് (ഫെബ്രുവരി 3ന്) വൈകിട്ട് 4നകം dd-dtc-pkd.dairy@kerala.gov.in, dtcalathur@gmail.comലോ 04922-226040, 9446972314, 9496839675 ലോ രജിസ്റ്റർ ചെയ്യണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

12. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഫെബ്രുവരി മാസം ഇന്ന് (3ന്) ആദായകരമായ പശു വളർത്തൽ, 5ന് മുട്ടക്കോഴി വളർത്തൽ 7ന് ആദായകരമായ പശു വളർത്തൽ 9ന് ശാസ്ത്രീയ കറവ പശു തീറ്റക്രമം 12ന് അദായകരമായ പോത്തു വളർത്തൽ,13 ന് ആദായകരമായ പശു വളർത്തൽ, 15ന് ശാസ്ത്രീയ കറവപ്പശു തീറ്റക്രമം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 04829 -234323 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.